GSTIN: 32AAATK8521C2Z3

**KERALA KERAKARSHAKA SAHAKARANA FEDERATION LIMITED No. 4370**

KERA FED
കേരാഫെഡ്
(A Govt. of Kerala Enterprise)

**KERAFED OIL COMPLEX**
K. S. Puram, Puthiyakavu
Karunagappally, Kollam - 690 544
Ph: 0476-2620627, 2620828, 2620827(PM)
E: Mail: kerafedkply@gmail.com

KFD/KOCK/FW/2025/4836

05/03/2025

**കേരഫെഡ്ഓയിൽ കോംപ്ലക്സ്കരുനാഗപ്പള്ളിയിലെ ,ബോയിലറിലേക്ക് ആവശ്യമായ, നിർദിഷ്ട വലിപ്പത്തിലുള്ള വിറക് ആവശ്യാനുസരണം എത്തിച്ചുതരാൻ ശേഷിയുള്ള കരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു:**

## ക്വട്ടേഷൻ വ്യവസ്ഥകൾ

1. കരാറിന്റെ കാലാവധി ഒരു വർഷമായിരിക്കും . കേരഫെഡ്, ഒരു വർഷ കാലയളവിൽ പലപ്പോഴായി നൽകുന്ന പാർച്ചയ്സ് ഓർഡറുകൾക്കു അനുസൃതമായി വിറക് ഫാക്ടറിയിൽ എത്തിച്ചുനൽകേണ്ടതാണ്. കൊല്ലം ജില്ലയിലെ,കരുനാഗപ്പള്ളി, പുതിയകാവിൽ പ്രവർത്തിക്കുന്ന കേരഫെഡ് ഫാക്ടറിയിലേക്കാണ് വിറക് എത്തിച്ചു നൽകേണ്ടത് .

2. ഒന്നിൽ കൂടുതൽ കരാറുകാരെ വയ്ക്കുന്നതിനുള്ള അധികാരം കേരഫെഡിന് ഉണ്ടായിരിക്കുന്നതാണ് .

3. ഏകദേശം 1300MT വിറകു ഒരു വർഷകാലയളവിൽ ആവശ്യമായിവരും. മേൽ സൂചിപ്പിച്ചിരിക്കുന്ന തൂക്കം പ്രതീക്ഷിക്കപെടുന്നതാണ് ,ഇതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായാൽ കൂടികരാറുകാരൻ , കരാറ്തുകയ്ക്ക്തന്നെ വിറക്നൽകുവാൻ തയ്യാറായിരിക്കണം.

4. തെങ്ങ്, റബ്ബർ, കശുമാവ്, ഉതി പോലെയുള്ള മരങ്ങൾ ഒഴികയുള്ള വൃക്ഷങ്ങളുടെ വിറകാണ് സ്വീകരിക്കുന്നത് .

5. ഉപയോഗിക്കാൻ കഴിയാത്തവണ്ണം പച്ചയായതും, ദ്രവിച്ചതും , ഭാഗികമായി കത്തിച്ചതു പോലെയുള്ളതുമായ വിറകുകൾ സ്വീകരിക്കുകയില്ല.

6. നിർദിഷ്ട വലിപ്പത്തിലുള്ള വിറകുകളാണ് നൽകേണ്ടത് . (4 -6 ഇഞ്ച് കനവും പരമാവധി 3 അടി നീളവും). അനുവദനീയമായ വലിപ്പത്തിനുകളിൽ കൊണ്ടുവരുന്ന വിറകുകൾ നിരസിക്കനുള്ള അധികാരം സ്ഥാപനത്തിനുണ്ടായിരിക്കും.

7. **ഒരു ടൺ വിറക്ഫാക്ടറിയിൽ എത്തിച്ചു നൽകുന്നതിനുള്ള നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ EMD തുകയായ പതിനായിരം (10,000/-) രൂപയോടൊപ്പം, 12/03/2025, 4 മണിക്ക്മുൻപായി കരുനാഗപ്പള്ളി കേരഫെഡ്ഓയിൽ കോംപ്ലക്സിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.**

വിശ്വസ്തതയോടെ

പ്ലാന്റ്മാനേജർ(I/C)